www.modelquestionpapers.in

# Second Mid Term Evaluation - 2013 101

## മലയാളം - I

**Std. X** **കേരളപാഠാവലി** **Time : 1 hr.**
**Max. Score : 25**

ക്രമപ്പെടുത്തി എഴുതുക :-

1\.

| കർത്താവ് | കൃതി | സാഹിത്യവിഭാഗം |
|---|---|---|
| കുട്ടിക്കൃഷ്ണമാരാർ | കയർ | യാത്രാവിവരണം |
| തകഴി | ഭാരത പര്യടനം | ചെറുകഥ |
| കാരൂർ | പൂവമ്പഴം | നോവൽ |
| | | നിരൂപണം |

3

2\. നിഷ്കണ്ടകം എന്ന പദത്തിന്റെ അർത്ഥം കണ്ടെത്തി എഴുതുക
വളരെ വേഗത്തിൽ, ശത്രുവില്ലാത്ത, പ്രശസ്തമായ 1

3\. ഭാഷാപരമായ ഏതെങ്കിലും രണ്ടു പ്രത്യേകതകൾ എഴുതുക 2

"പട്ടുകിടക്കമേലേ കിടക്കുന്ന നീ
പട്ടുകിടക്കുമാറായിതോ ചോരയിൽ"

4\. "അന്നെന്നെ നയിച്ചൊരീ നഗ്നപാദങ്ങൾ നേടി-
ത്തന്നൊരാ ബലമെൻ ശക്തിതൻ മൂലാധാരം"
മണ്ണുമായുള്ള ബന്ധമാണ് എന്റെ ശക്തിയെന്ന് കവി പി. ഭാസ്ക്കരൻ പ്രഖ്യാപിക്കുന്നു. എന്നാൽ മനുഷ്യർ മണ്ണിൽ നിന്നും അകലുന്ന ഇന്നത്തെ അവസ്ഥയിൽ വിണ്ടകാലടികൾ എന്ന കവിതയെ വിമർശനാത്മകമായി വിലയിരുത്തുക. 6

5\. മാവ്
"കായ്ച്ചു എന്ന ഒറ്റക്കുറ്റത്തിന്
ഒരു മാവ് ഏറു കൊള്ളുകയാണ്
ദയവു പാടില്ല

എത്ര ഏറു കൊണ്ടാലും പഠിക്കില്ല
എല്ലാ വർഷവും കായ്ക്കും
മിണ്ടാതെ നിന്ന് ഏറു കൊള്ളും"

*വിഷ്ണുപ്രസാദ്*

മുകളിൽ കൊടുത്തിരിക്കുന്ന കവിതയെ ഉതുപ്പാന്റെ സ്വഭാവസവിശേഷതകളുമായി ബന്ധപ്പെടുത്തി താരതമ്യക്കുറിപ്പ് തയ്യാറാക്കുക. 6

6. യുദ്ധം ആരംഭിക്കുന്നതിന് എന്തെല്ലാം ന്യായീകരണങ്ങളുണ്ടെങ്കിലും ശരി, അതിന്റെ അവസാനം അനാഥത്വവും കണ്ണീരുമാണ് സമ്മാനിക്കുന്നത്. അർജ്ജുന വിഷാദ യോഗം എന്ന പാഠഭാഗത്തെ ആസ്പദമാക്കി അഭിപ്രായം രേഖപ്പെടുത്തുക. 5

7. "ആ സൈനിക നിലയത്തിലെ അന്നത്തെ ഉത്സാഹം പറഞ്ഞറിയിക്കുക വയ്യ" അതിനുള്ള രണ്ടു കാരണങ്ങൾ കണ്ടെത്തി എഴുതുക. 2